കമിതാക്കളുടെ മരണത്തിൽ അന്വേഷണം ഊർജ്ജിതമാക്കി പൊലീസ്

പയ്യന്നൂർ: വാടക ക്വാർട്ടേർസിൽ കമിതാക്കൾ തീ കൊളുത്തി മരിക്കാനിടയായ സംഭവത്തിൽ അന്വേഷണം ഊർജിതമാക്കി പൊലീസ്.

വെസ്റ്റ് എളേരി, നർക്കിലക്കാട്ട് സ്വദേശിയും ചീമേനി മുണ്ടയിൽ താമസക്കാരനുമായ ടി രവിയുടെ മകൻ വി കെ ശിവപ്രസാദ്(28) ഏഴിലോട് പുറച്ചേരിയിലെ പി രാജന്റെ മകൾ എംഡി ആര്യ(21) എന്നിവരാണ് പയ്യന്നൂരിലെ വാടക ക്വാർട്ടേർസിൽ വെച്ച് തീകൊളുത്തുകയും പിന്നീട് പരിയാരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ വെച്ച് മരിക്കുകയും ചെയ്തത്.

തീ പൊള്ളലേറ്റ് ആശുപത്രിയിലേക്ക് കൊണ്ടുപോകും വഴി ആര്യ നൽകിയമൊഴിയിലാണ് അന്വേഷണം ഊർജ്ജിതമാക്കിയത്. തന്നെ ചതിച്ചുവെന്നാണ് ആര്യപറഞ്ഞിരുന്നത്. എന്നാൽ ആര്യയിൽ

ആര്യ

ശിവപ്രസാദ്

നിന്ന് ഇതേ കുറിച്ച് കൂടുതൽ വിവരങ്ങൾ തേടാൻ പൊലീസിന് കഴിഞ്ഞിരുന്നില്ല. ചതിച്ചത് ആര്യയുടെ വീട്ടുകാരാണോ, അതോ ശിവപ്രസാദാണോ എന്ന കാര്യത്തിൽ വ്യക്തത വരുത്താനാണ് പൊലീസിന്റെ ശ്രമം. ആര്യയുടെ ബന്ധുക്കളിൽ നിന്നും പൊലീസ് വിവരങ്ങൾ ശേഖരിക്കും.

ശിവപ്രസാദും ആര്യയും തമ്മിൽ പ്രണയത്തിലായിരുന്നു. ഇതിനിടയിൽ ആര്യയുടെ വിവാഹം മറ്റൊരു യുവാവുമായി നടത്താൻ വീട്ടുകാർ തീരുമാനിച്ചിരുന്നു. ഇതേ തുടർന്നാണ് ശിവപ്രസാദ് ആര്യയെയും കൂട്ടിവന്ന് താൻ താമസിക്കുന്ന പയ്യന്നൂരിലെ വാടക ക്വാർട്ടേർസിൽ വെച്ച് തീ കൊളുത്തിയത്. പയ്യന്നൂരിലെ ഒരു സ്ഥാപനത്തിൽ ജീവനക്കാരനായിരുന്ന ശിവപ്രസാദ്. ആര്യ പയ്യന്നൂർ കോളേജിലെ ഹിന്ദി ബിരുദ വിദ്യാർത്ഥിനിയുമായിരുന്നു.

ഭെൽ ഇ എം എൽ സമരത്തിന് മർച്ചന്റ് അസോസിയേഷൻ നേതാക്കൾ ഐക്യദാർഢ്യവുമായി എത്തിയപ്പോൾ

ഭെൽ -ഇ.എം.എൽ: പിന്തുണയുമായി വ്യാപാരികളും

കാസർകോട്: ഭെൽ ഇ.എം.എൽ സമരത്തിന് കാസർകോട്ടെ വ്യാപാരികളും രംഗത്ത്. പോരാട്ടത്തിന്റെ 433ാം ദിന പരിപാടികൾ മർച്ചന്റ്സ് അസോസിയേഷൻ യൂണിറ്റ് പ്രസിഡണ്ട് എ.കെ.മൊയ്തീൻ കുഞ്ഞി ഉദ്ഘാടനം ചെയ്തു.അസീസ്, നാഗേഷ്, മുനീർ, ബഷീർ, ശശിധരൻ, സാബു, രത്നാകരൻ, ടി. അബ്ദുൾമുനീർ, വി.പവിത്രൻ നേതൃത്വം നൽകി.

എയിംസ്:കേരളം പ്രൊപ്പോസൽ കൊടുക്കട്ടെ: കെ.സുരേന്ദ്രൻ

കാസർകോട്: ജില്ലയുടെ പ്രൊപ്പോസൽ കൊടുക്കാൻ സംസ്ഥാന സർക്കാർ തയ്യാറാവണമെന്ന് ബി.ജെ.പി അദ്ധ്യക്ഷൻ കെ.സുരേന്ദ്രൻ പറഞ്ഞു.

എയിംസ് ജനകീയ കൂട്ടായ്മ പ്രവർത്തകർ ബി.ജെ.പി. പ്രസിഡണ്ടിനെ കണ്ട് കേന്ദ്ര സർക്കാറിൽ നിന്ന് എയിംസ് ലഭിക്കാനാവശ്യമായ ഇടപെടലുകളുണ്ടാവണമെന്ന് അഭ്യർത്ഥിച്ചപ്പോഴാണ് ബി.ജെ.പി പ്രസിഡണ്ടിന്റെ പ്രതികരണമുണ്ടായത്. കേരള സർക്കാർ കാസർകോടിന്റെ പ്രൊപ്പോസൽ കൊടുക്കുകയാണെങ്കിൽ ലഭിക്കുന്നതിന് ആത്മാർത്ഥമായ ശ്രമം നടത്തുമെന്ന് സുരേന്ദ്രൻ പറഞ്ഞു. കാസർകോട് ജില്ലയ്ക്ക് എയിംസ് ലഭിക്കുന്നതിനു വേണ്ടി നിങ്ങളുടെ കൂടെയുണ്ടാകുമെന്ന് അദ്ദേഹം ഉറപ്പ് നൽകി. ബി.ജെ.പി. ജില്ലാ പ്രസിഡണ്ട് അഡ്വ:കെ .ശ്രീകാന്ത് കൂടെയുണ്ടായിരുന്നു.

എയിംസ് ജനകീയ കൂട്ടായ്മ പ്രവർത്തകർ കെ സുരേന്ദ്രന് നിവേദനം നൽകുന്നു

വൈദ്യുതി കുടിശ്ശിക: ഒറ്റ തവണ തീർപ്പാക്കൽ പദ്ധതി മാർച്ച് 31 വരെ

കാസർകോട്: വൈദ്യുതി കുടിശ്ശിക തീർക്കുന്നതിനായി വൈദ്യുതി ബോർഡ് നടപ്പിലാക്കുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ കാലാവധി മാർച്ച് 31ന് അവസാനിക്കും. പലിശയിൽ വലിയ ഇളവുകൾ പ്രഖ്യാപിച്ചിട്ടുണ്ട്. റവന്യൂ റിക്കവറി കേസുകൾ, കോടതികളിൽ കെട്ടിക്കിടക്കുന്ന കേസുകൾ എന്നിവ തീർപ്പാക്കാൻ പ്രത്യേക സമിതികളെ നിയോഗിച്ചിട്ടുണ്ട്.

കുടിശ്ശിക തീർപ്പാക്കുന്നതിനുള്ള അപേക്ഷ മാർച്ച് 25 വരെ മാത്രമെ ബന്ധപ്പെട്ട സെക്ഷൻ ഓഫീസുകളിൽ സ്വീകരിക്കുകയുള്ളൂ. എച്ച്.ടി/ഇ.എച്ച്.ടി ഉപഭോക്താക്കൾ തിരുവനന്തപുരം (റവന്യൂ)ക്കാണ് അപേക്ഷ നൽകേണ്ടത്. രണ്ടു വർഷ കാലയളവിൽ കൂടുതൽ കുടിശ്ശിക വരുത്തിയ ഉപഭോക്താക്കളെയാണ് ഒറ്റത്തവണ തീർപ്പാക്കലിന് അപേക്ഷകരായി പരിഗണിക്കുന്നത്.

ആർ സി നഷ്ടപ്പെട്ടു

23-11-2020ന് ബദിയഡുക്കയിൽ നിന്നും മുള്ളേരിയയിലേക്കുള്ള യാത്രാ മദ്ധ്യേ എന്റെ ഹോണ്ട യൂണികോൺ ബൈക്കിന്റെ (No: KL 14. J. 6648) ആർ സി ബുക്ക് നഷ്ടപ്പെട്ടു. കണ്ടു കിട്ടിയവർ താഴെ കാണുന്ന വിലാസത്തിൽ അറിയിക്കാനപേക്ഷ.

VISHNU BHAT B
S/o.Subbanna Bhat B
H.No. 10/573 Karaduka, New Balakka Trading Company, Mulleria, Kasaragod

ഫലപ്രദമായ പാരമ്പര്യ ചികിത്സ

നിങ്ങൾക്കുണ്ടാകുന്ന ബലഹീനത, നാഡി തളർച്ച, ഞരമ്പു തളർച്ച, ശീഘ്രസ്ഖലനം, സ്വപ്നസ്ഖലനം, ദാമ്പത്യപരാജയം, വെള്ളപോക്ക്, തരിപ്പ്, കടച്ചിൽ, വേദന, മൂത്രാശയരോഗങ്ങൾ, ചർമ്മരോഗങ്ങൾ കൂടാതെ എല്ലാവിധ രോഗങ്ങൾക്കും സ്വന്തം മരുന്നുകൾ ഉണ്ടാക്കി കൊടുത്ത് 44ൽപരം വർഷങ്ങളായി കാസർകോട്ട് ചികിത്സിച്ചുവരുന്നു. പാരമ്പര്യ വൈദ്യർ

എം. എച്ച്. ചൗധരി
ഡോ. ഷക്കീൽ ചൗധരി BAMS
അവർകളെ നേരിൽ കാണുക
അൽ - ഇമ്രാൻ
ആയുർവ്വേദിക് ക്ലിനിക്
ഫോർട്ട് റോഡ് കാസർകോട്
മഡിയൻ , കാഞ്ഞങ്ങാട്

സന്ദർശന സമയം രാവിലെ 9.00 മണി മുതൽ രാത്രി 6.30മണി വരെ
Mob: 9446060021, 9446090021

പ്രളയ സെസ്സ് നിർത്തലാക്കണം: കെ.ടി.ജി.ഡി. ഡബ്ല്യു.എ

കാസർകോട്: കോറോണ ലോക്ക്ഡൗണും, സാമ്പത്തിക പ്രതിസന്ധിയും സാരമായി ബാധിച്ച് വ്യാപാരമേഖല മൊത്തതിൽ കഷ്ടപ്പെടുന്ന അവസ്ഥയിൽ പ്രളയ സെസ്സ് എടുത്ത് കളയണമെന്ന് കേരള ടെക്സ്റ്റൈൽസ് ആന്റ് ഗാർമെന്റ് ഡീലേഴ്സ് വെൽഫെയർ അസോസിയേഷൻ കാസർകോട് മണ്ഡലം കമ്മിറ്റി സർക്കാരിനോടാവശ്യപ്പെട്ടു. കാസർകോട് ടൗണിൽ നിന്നും രാത്രി കാലങ്ങളിൽ കാഞ്ഞങ്ങാട്, തലപ്പാടി ഭാഗത്തേക്ക് പൊതു ഗതാഗത സംവിധാനമില്ലാത്തതു വ്യാപാരികളെ ദോഷകരമായി ബാധിക്കുന്നുണ്ട്. ഇതിനും പരിഹാരം കാണണമെന്നും നിവേദനത്തിൽ ചൂണ്ടിക്കാട്ടി.വ്യാപാരി

അഷ്റഫ്(പ്രസി), ഹാരിസ്(ജന.സെക്ര), സമീർ(ട്രഷ)

വ്യവസായി ഏകോപന സമിതി ജില്ലാ പ്രസിഡണ്ട് കെ.അഹ്മദ് ഷെരീഫ് യോഗം ഉദ്ഘാടനം ചെയ്തു. കെ.ടി.ജി.ഡി. ഡബ്ല്യു.എ ജില്ലാ പ്രസിഡണ്ട് സജി. കെ.ജി ആധ്യക്ഷം വഹിച്ചു. വ്യാപാരി വ്യവസായി ഏകോപന സമിതി യൂണിറ്റ് പ്രസിഡണ്ട് എ.കെ മൊയ്തീൻ കുഞ്ഞി പ്രഭാഷണം നടത്തി. ഹസൻ അഷ്റഫ് ഫാബ്രിക്സ്, എ.എ.അസീസ്, അഷറഫ് സുൽസൺ, കുഞ്ഞിരാമൻ പെരിയ, സിബി, അശോകൻ സംസാരിച്ചു. ഭാരവാഹികൾ : അഷറഫ് ഐവ (പ്രസി), ഹിമ ഇബ്രാൽ, ശശിധരൻ മുള്ളേരിയ, ചന്ദ്രമണി (വൈസ് പ്രസി.) ഹാരിസ് സെനോറ (ജന. സെക്ര.) റഹ് മാൻ തൊട്ടാൻ, റഫീഖ് ഒറീവ്, (ജോ.സെക്ര.) സമീർ ലിയ (ട്രഷ.)

കുടിശ്ശികയുള്ള ഉപഭോക്താക്കൾക്ക് ആശ്വാസമായി വൈദ്യുതി ബോർഡിൽ ഒറ്റ തവണ തീർപ്പാക്കൽ പദ്ധതി

കാസർകോട്: വൈദ്യുതി കുടിശ്ശിക തീർക്കുന്നതിനായി വൈദ്യുതി ബോർഡ് നടപ്പിലാക്കുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ കാലാവധി മാർച്ച് 31 ന് അവസാനിക്കും. പലിശയിൽ വലിയ ഇളവുകൾ പ്രഖ്യാപിച്ചിട്ടുണ്ട്.

റവന്യൂ റിക്കവറി കേസുകൾ, കോടതികളിൽ കെട്ടിക്കിടക്കുന്ന കേസുകൾ എന്നിവ തീർപ്പാക്കാൻ പ്രത്യേക സമിതികളെ നിയോഗിച്ചിട്ടുണ്ട്. കുടിശ്ശിക തീർപ്പാക്കുന്നതിനുള്ള അപേക്ഷ മാർച്ച് 25 വരെ മാത്രമേ ബന്ധപ്പെട്ട സെക്ഷൻ ഓഫീസുകളിൽ സ്വീകരിക്കുകയുള്ളൂ. എച്ച്ടി/ഇഎച്ച്ടി ഉപഭോക്താക്കൾ സ്പെഷ്യൽ ഓഫീസർ (റവന്യൂ) തിരുവനന്തപുരത്തിനാണ് അപേക്ഷ നൽകേണ്ടത്. 2 വർഷ കാലയളവിൽ കൂടുതൽ കുടിശ്ശിക വരുത്തിയ ഉപഭോക്താക്കളെയാണ് ഒറ്റത്തവണ തീർപ്പാക്കലിന് അപേക്ഷകരായി പരിഗണിക്കുന്നത്. രണ്ട് വർഷത്തിന് മുകളിൽ 5 വർഷം വരെ പഴക്കമുള്ള കുടിശ്ശികയ്ക്ക് വെറും 6.65% പലിശ മാത്രമേ ഈടാക്കുന്നുള്ളൂ. 5 വർഷത്തിനു മുകളിൽ 15 വർഷം വരെ പഴക്കമുള്ള കുടിശ്ശികയ്ക്ക് 6% ഉം 15 വർഷത്തിൽ കൂടുതൽ പഴക്കമുള്ള കുടിശ്ശികയ്ക്ക് 4% ഉം പലിശ മാത്രമേ ഈടാക്കുന്നുള്ളൂ. ഒറ്റത്തവണയായി കുടിശ്ശിക ഒടുക്കുന്നവർക്ക് പലിശയിളവിന്റെ 2% കൂടി ഇളവ് അനുവദിക്കുന്നതാണ്. കുടിശ്ശികയുള്ള ഉപഭോക്താക്കൾ ഈ സുവർണ്ണാവസരം പ്രയോജനപ്പെടുത്തി ബാധ്യതകളിൽ നിന്നും, അനന്തര നടപടികളിൽ നിന്നും ഒഴിവാകണമെന്ന് വൈദ്യുതി ബോർഡ് അഭ്യർത്ഥിച്ചു.

അയോട്ട പ്രീമിയർ ലീഗ് ; ലോസ് ബ്ലാൻകോസ് ചാമ്പ്യന്മാരായി

കാസർകോട് :അയോട്ട കമ്പ്യൂട്ടർ ഇൻസ്റ്റിറ്റ്യൂട്ട് കാസർകോടിന്റെ ആഭിമുഖ്യത്തിൽ നടന്ന അയോട്ട പ്രീമിയർ ലീഗ് സീസൺ 2ന് പരിസമാപ്തി. ഫൈനലിൽ എഫ് സി ബേസിക്കൂാസിനെ ഏകപക്ഷിയമായ ഒരു ഗോളിന് തോൽപ്പിച്ചാണ് ലോസ് ബ്ലാൻകോസ് ചാമ്പ്യന്മാരായത്. ശിഹാബ് ഊദ് ആധ്യക്ഷം വഹിച്ചു. അമീൻ തളങ്കര ഉദ്ഘാടനം നിർവഹിച്ചു. വിജയികളായ ലോസ് ബ്ലാൻകോസിനുള്ള ട്രോഫി കേരള ഫുട്ബോൾ അസോസിയേഷൻ സംസ്ഥാന കമ്മിറ്റി നിർവാഹക സമിതി അംഗവും, കാസർകോട് നഗരസഭ കൗൺസിലറുമായ സിദ്ദീഖ് ചക്കര നൽകി. റണ്ണേഴ്സ് അപ്പായ എഫ് സി ബേസിക്ട്സിനുള്ള ട്രോഫി സജ്ന ടീച്ചർ നൽകി. ശരീഫ് തായത്തൊടി , മനാഫ്, അമീൻ, ഷാനവാസ്, ശിഹാബ് എന്നിവർ വ്യക്തിഗത വിജയികൾക്ക് ട്രോഫി വിതരണം ചെയ്തു. ഡയറക്ടർ ഷാനവാസ് സ്വാഗതവും, ഷിബിലി നന്ദിയും പറഞ്ഞു.

അയോട്ട പ്രീമിയർ ലീഗ് ചാമ്പ്യന്മാരായ ലോസ് ബ്ലാൻകോസിന് ട്രോഫി സമ്മാനിക്കുന്നു

PUBLIC NOTICE

It is informed public at large that Mr.Ummer M, S/o .K Moosa, R/at Rabiya Manzil, Kollampady, Anangoor Kasaragod District, Pin 671121 has applied for a loan from Canara Bank, Bank Road Branch. Kasaragod by creating, Mortgage over 5 cents of land comprised in RS No. 203/2pt47 of Kasaragod Village. It is represented that the original of its previous documents i.e., Regd. Sale Deed No. 2297/1988 is irrecoverably lost. He further represented that no valid and legal charge /mortgage has been created on the said properties in favor of any persons/ or any bank/financial institutions etc.

Hence it is hereby cautioned that if any person/s, Bank/s or Private or Public financial institution/s has any sort of claim or objections in respect of the aforesaid property, the same may be intimated to the undersigned within 7 days from the publication of this notice and convey the same, Otherwise it will be assumed that there is no claim whatsoever in respect ofthe said property and the loan will be granted to said, Mr. Ummer M, S/o K Moosa by depositing the certified copy of the same and the bank is not responsible for the future claims if any.

Kasaragod
23-02-2021

Chandrashekhara K S
Advocate, Kasaragod

എസ്.വൈ.എസ് ഫോക്കസ് '21 ന്റെ ഭാഗമായി ബെളിഞ്ചയിൽ സംഘടിപ്പിച്ച നിശാ ക്യാമ്പ് ജില്ലാ സെക്രട്ടറി റഷീദ് ബെളിഞ്ചം ഉദ്ഘാടനം ചെയ്യുന്നു

അജ്മീർ നേർച്ചയും അനുസ്മരണവും സംഘടിപ്പിച്ചു

ബദിയഡുക്ക: എസ്.വൈ.എസ്.ജില്ലാ കമ്മിറ്റിയുടെ ഫോക്കസ് '21ന്റെ ഒന്നാംഘട്ട കർമ്മ പദ്ധതിയുടെ ഭാഗമായി ബെളിഞ്ചം ശംസുൽ ഉലമ ഇസ്ലാമിക്ക് സെന്ററിൽ നിശാ ക്യാമ്പും അജ്മീർ നേർച്ചയുംമൂരിയാട് ഉസ്താദ് സി.എം ഉസ്താദ് -അനുസ്മരണവും സംഘടിപ്പിച്ചു.സി.എം ഉസ്താദ് അനുസ്മരണത്തിന് മുനീർ ഫൈസി ഇടിയടുക്കയും അജ്മീർ മൗലൂദിന് ആദം ദാരിമി നാരമ്പാടിയും നേതൃത്വം നൽകി.നിശാ ക്യാമ്പ് അബ്ബൂറഹിമാൻ നാരമ്പാടിയുടെ അദ്ധ്യക്ഷതയിൽ എസ്.വൈ.എസ് ജില്ലാ സെക്രട്ടറി റഷീദ്ബെളിഞ്ചം ഉദ്ഘാടനം ചെയ്തു. ജില്ലാ ഉപാദ്ധ്യക്ഷൻ ഇ.പി.ഹംസത്തു സഅദി വിഷയാവതരണവുംമുഹിയ്യദ്ദീൻ അസ്ഹരി നെല്ലിക്കട്ട, മൂരിയാട് ഉസ്താദ് അനുസ്മരണവും നടത്തി. ദിഖ്ർ, ദുആ മജ്ലിസിന് ഹാഫിള് ഉമറുൽ ഫാറൂഖ് അസ്ഹരി കുക്കംകുടൽ നേതൃത്വം നൽകി. മുഹമ്മദ് അലി മൗലവി പടന്നക്കാട്, ഫസൽ റഹ്മാൻ മൗലവി ചെറുണി, ബി.കെ.കരീം യമാനി, ശരീഫ് ഫൈസി, ഹനീഫ് അസ്ഹരി, ഇസ്ഹാഖ് ബാഖവി,ഹമീദ് പൊസോളിഗ, മുഹമ്മദ് ദർഘാസ്, ജി.ബി. അബ്ബുല്ല, ഹസ്സൻ ദർഘാസ് സംബന്ധിച്ചു.

എസ് കെ എസ് എസ് എഫ് മുള്ളേരിയ മേഖല സംഘടിപ്പിച്ച ആക്ടിവോ 2021 ക്യാമ്പ് സംസ്ഥാന വർക്കിംഗ് സെക്രട്ടറി താജുദ്ദീൻ ദാരിമി പടന്ന ഉദ്ഘാടനം ചെയ്യുന്നു.

എസ് കെ എസ് എസ് എഫ് മുള്ളേരിയ മേഖല ക്യാമ്പ് സമാപിച്ചു

ആദൂർ: എസ് കെ എസ് എസ് എഫ് മുള്ളേരിയ മേഖല ക്യാമ്പ് ആക്ടിവോ 2021 ആദൂർ സി എ നഗറിൽ സമാപിച്ചു. സയ്യിദ് മുത്തു തങ്ങൾ ആദൂർ പതാക ഉയർത്തി. സയ്യിദ് ഹകീം തങ്ങൾ ആദൂർ സിയാറത്തിന് നേതൃത്വം നൽകി. സംസ്ഥാന വർക്കിംഗ് സെക്രട്ടറി താജുദ്ദീൻ ദാരിമി പടന്ന ഉദ്ഘാടനം ചെയ്തു. സംഘടന, സംഘാടനം എന്ന വിഷയത്തിൽ സുബൈർ നിസാമി പഠന ക്ലാസ്സ് നടത്തി. മേഖല ജനറൽ സെക്രട്ടറി ഉസാം പള്ളങ്കോട് സ്വാഗതം പറഞ്ഞു. പ്രസിഡൻറ് ഇബ്രാഹിം നാട്ടക്കൽ ആധ്യക്ഷം വഹിച്ചു. എസ് വൈ എസ് ജില്ലാ പ്രസിഡന്റ് പി എസ് ഇബ്രാഹിം ഫൈസി , എസ് കെ എസ് എസ് എഫ് ജില്ലാ പ്രസിഡന്റ് സുഹൈർ അസ്ഹരി പള്ളങ്കോട്, ജില്ലാ ഓർഗനൈസിങ് സെക്രട്ടറി ഇബ്രാഹിം അസ്ഹരി , ജില്ലാ ട്രഷറർ ഇസ്മയിൽ അസ്ഹരി, എ ബി ബഷീർ പള്ളങ്കോട്, അഡ്വ. ഇബ്രാഹിം പള്ളങ്കോട്, അഷ്റഫ് ഫൈസി ദേലംപാടി, ത്വയ്യിബ് കാനക്കോട്, അഷ്റഫ് ഫൈസി കിന്നിംഗാർ എന്നിവരെ ഉപഹാരം നൽകി ആദരിച്ചു.

MYLATTY PERIYATTADUKKAM VANITHA CO. OPERATIVE SOCIETY LTD; No. S. 557, BATTATHUR, P.O. Panayal, Kasaragod-671318, Mob: 9048917240

വാർഷിക പൊതുയോഗ നോട്ടീസ്

മാന്യ മെമ്പർമാരെ,

മൈലാട്ടി - പെരിയാട്ടടുക്കം വനിതാ സഹകരണ സംഘത്തിന്റെ 2019-20 വർഷത്തെ വാർഷിക പൊതുയോഗം 2021 മാർച്ച് 12ന് വെള്ളിയാഴ്ച ഉച്ച കഴിഞ്ഞ് 2 മണി മുതൽ സംഘം ഓഫീസിൽ വെച്ച് ചേരുവാൻ തീരുമാനിച്ചിരിക്കുന്നു. യോഗത്തിൽ എല്ലാ 'എ' ക്ലാസ് അംഗങ്ങളും കൃത്യ സമയത്ത് തന്നെ ഹാജരാകണമെന്ന് ഇതിനാൽ അഭ്യർത്ഥിച്ചുകൊള്ളുന്നു.

ബട്ടത്തൂർ
23- 02 -2021

എന്ന്, ആജ്ഞാനുസരണം
ഒപ്പ്, സെക്രട്ടറി

അജണ്ട

1. പ്രാർത്ഥന, 2. സ്വാഗതം, 3. അദ്ധ്യക്ഷ പ്രസംഗം.
4. 2019-20 വർഷത്തെ പ്രവർത്തന റിപ്പോർട്ട് അംഗീകരിക്കൽ
5. 2019-20 വർഷത്തെ വരവ് - ചെലവ് അംഗീകരിക്കൽ
6. 2019-20 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് അംഗീകരിക്കൽ
7. 2020-21 വർഷത്തെ സപ്ലിമെന്ററി ബഡ്ജറ്റ് അംഗീകരിക്കൽ
8. 2021-22 വർഷത്തെ കരട് ബഡ്ജറ്റ് അംഗീകരിക്കൽ.
9. 2019-20 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് , ന്യൂനതാ പരിഹരണം
10. നിയമാവലി ഭേദഗതി

അജണ്ട: 5,7,8 എന്നിവയുടെ വിശദ വിവരങ്ങൾ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

നിയമാവലി ഭേദഗതി

നിലവിലുള്ളത്	ഭേദഗതി ചെയ്യുന്നത്/കൂട്ടിച്ചേർക്കുന്നത്	ഭേദഗതിക്ക്/കൂട്ടിച്ചേർക്കാൻ കാരണം
നിയമാവലി 17 എ(4) നിലവിലില്ല	കൂട്ടിച്ചേർക്കുന്നത്: സ്വർണ്ണപണ്ടങ്ങളുടെ ഈടിൻമേൽ വായ്പ അനുവദിക്കൽ വായ്പ സംബന്ധിച്ച ഉപനിബന്ധനകൾ തയ്യാറാക്കി ഭരണ സമിതി ജോയിന്റ് രജിസ്ട്രാരുടെ അംഗീകാരം വാങ്ങിക്കേണ്ടതാണ്.	സംഘത്തിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിന്

സിനിമ കാസർകോട്

മെഹബൂബ് തീയറ്റർ കോംപ്ലക്സ്
04994 220093
For online booking
paytm,www.ticketnew.com

പൊഗരു (Kannada)
(10.30,1.30, 4.30)

മൂവിമാക്സ് സർക്കിൾ (A/c)

MAX-1
OPERATION JAVA
(Malayalam)
(10.30,1.30, 4.00, 7.00)

MAX-2
VELLAM (M)(1.30, 4.00)

MAX-3
BLACK COFFEE
(Malayalam)
(10.30,4.00, 7.00)

CHAKRA (T)
(10.30, 1.30, 7.00)

For online booking
www.bookmyshow.com

സിനി കൃഷ്ണ A/C 2 K
For online booking
www.bookmyshow.com
QUBE Projecter DOLLB 7.1

SCREEN-1
POGARU (Kannada)
(10.30, 2.00, 6.00)

GAMJAL (Thulu)
(10.30, 2.00, 6.00)

FOR ENQ: 04994-220044

ലൈഫ് പദ്ധതി പ്രകാരം നിർമിച്ച
2,50,547
വീടുകൾക്ക്
ഭവന ഇൻഷ്വറൻസ്
സംസ്ഥാനതല ഉദ്ഘാടനം

ഇനിയും മുന്നോട്ട്

എന്റെ കേരളം എന്റെ അഭിമാനം

2021 ഫെബ്രുവരി 24
പകൽ 12

ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ ചേംബർ

ഡോ. ടി.എം. തോമസ് ഐസക് ബഹു. ധനകാര്യ വകുപ്പ് മന്ത്രി

ആധ്യക്ഷ്യം: ശ്രീ. എ.സി. മൊയ്തീൻ ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി

റേഡിയോ കേരള Connect with CM | fb.me/cmokerala twitter.com/cmokerala PRD Live Mobile App /keralainformation PRD Media Handbook App തദ്ദേശ സ്വയംഭരണ വകുപ്പ് | ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് | കേരള സർക്കാർ